**No. CEE/3393/ LLM-2019/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## എൽ എൽ എം കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2019–20 ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

**2020 ഫെബ്രുവരി 18 ചൊവ്വാഴ്ച** നടന്ന എൽ എൽ എം കോഴ്സിലേയ്ക്കുള്ള 2019–20 വർഷത്തെ പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in , www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. വെബ്സൈറ്റിലെ 'LLM 2019 Candidate Portal' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും കൃത്യമായി നൽകിയാൽ ഉത്തരസൂചിക ലഭ്യമാകുന്നതാണ്.

ഉത്തരസൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും **200 രൂപ** ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം **24.02.2020,** വൈകുന്നേരം 4 മണിയ്ക്ക് മുമ്പായി തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, e-mail, ഫാക്സ് എന്നിവ മുഖേന ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിന് വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

ഹെൽപ്പ് ലൈൻ നം. 0471- 2525300

തിരുവനന്തപുരം
18.02.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**